ഉത്തരം

(എ) കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 216 വ്യവസായ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന് നികുതി നൽകുന്നില്ല.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

അരൂർ മണ്ഡലത്തിൽ ഹരിയാലി പദ്ധതിയുടെ പുരോഗതി

143 (6061) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ 'ഹരിയാലി' പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഇതിൻപ്രകാരം എത്ര കോടി രൂപയുടെ പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര കോടി രൂപയുടെ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കിയത് ; വിശദാംശങ്ങൾ നൽകുമോ ; പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടെത്ര നാളായി ; പൂർത്തീകരിച്ച പ്രവൃത്തികൾക്ക് അതതു കൺവീനർമാർക്ക് പണം നൽകിയോ ; ഇല്ലെങ്കിൽ എന്ന് നൽകാനാവുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇനി എത്ര കോടി രൂപയുടെ പ്രവർത്തനങ്ങൾ നടക്കാനുണ്ട് ; അവ പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആദ്യ ഗഡു കേന്ദ്ര/സംസ്ഥാന വിഹിതമായി ലഭിച്ച 34,34,480 രൂപയിൽ പലിശയായി ലഭിച്ച 1,72,848 രൂപയും പദ്ധതി നടപ്പിലാക്കുവാൻ ഉപയോഗിച്ചിരുന്നു. ഇതുവരെ 35,12,105 രൂപ വിനിയോഗിച്ചിട്ടുണ്ട്. രണ്ടാം ഗഡു കേന്ദ്ര വിഹിതം നാളിതുവരെ ലഭിച്ചിട്ടില്ല. രണ്ടാം ഗഡു ലഭിച്ചാൽ മാത്രമേ തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാൻ കഴിയുകയുള്ളൂ.

(ബി) അരൂർ മണ്ഡലത്തിൽ 1,89,03,150 രൂപയുടെ പ്രവർത്തനങ്ങൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.

(സി) അമ്പത്തിയാറു ലക്ഷം രൂപയുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ട് ഒരു വർഷത്തിലധികമായി എങ്കിലും രണ്ടാം ഗഡു തുക ലഭിക്കാത്തതിനാൽ തുക കൺവീനർമാർക്ക് നൽകുവാനായിട്ടില്ല. പൂർത്തീകരിച്ച പ്രവൃത്തിക്ക് 25,09,714 രൂപ നൽകുവാനായി അവശേഷിക്കുന്നുണ്ട്. രണ്ടാം ഗഡു തുക ലഭിച്ചാലുടൻ തന്നെ തുക കൺവീനർമാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇനി 1.33 കോടി രൂപയുടെ പ്രവർത്തനം നടക്കാനുണ്ട്. 31-3-2012- നകം ടി പ്രവൃത്തികൾ പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly